111 (1966) സൊസൈറ്റികളിൽ ലോൺ പാസ്ബുക്ക് ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റികളിൽ ലോൺ പാസ്ബുക്ക് ഏർപ്പെടുത്തണം എന്ന് കാണിച്ച് കായംകുളം എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോൺ എടുക്കുന്നതും തിരിച്ചടവും പാസ്ബുക്ക് വഴി നടത്തിയാൽ പണസംബന്ധമായ വിവരങ്ങൾ വേഗം മനസ്സിലാക്കാനും പണാപഹരണം വേഗത്തിൽ കണ്ടെത്തുവാനും സാധിക്കും എന്നതിനാൽ ഒരു ഗവൺമെന്റ് ഓർഡർ പുറപ്പെടുവിച്ച് ലോൺ പാസ്ബുക്ക് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) നിവേദനം പരിശോധിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

III. ചരമോപചാരം

മുൻ രാഷ്ട്രപതി ഡോ. ശങ്കർദയാൽ ശർമ്മ, മുൻ നിയമസഭാംഗങ്ങളായിരുന്ന എ.പി. ഉദയഭാനു, എം.ജെ. സക്കറിയാ സേട്ട്, പി.ടി കുഞ്ഞുട്ടി ഹാജി എന്നിവരുടെ നിര്യാണം സംബന്ധിച്ച്

ഡോ. ശങ്കർദയാൽ ശർമ്മ

[9.30 A.M]

മി. സ്പീക്കർ : ഇന്ത്യൻ രാഷ്ട്രീയ-ഭരണ മണ്ഡലങ്ങളിൽ ഒരു മഹാതേജസ്സായി ജ്വലിച്ചുനിന്ന മുൻ രാഷ്ട്രപതി ഡോ. ശങ്കർദയാൽ ശർമ്മ അന്തരിച്ചു. സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തെ സ്വാതന്ത്ര്യ സമരവുമായും അതുയർത്തിയ മൂല്യങ്ങളുമായും ബന്ധപ്പെടുത്തിയ ഒരു കണ്ണികൂടി അറ്റുപോയിരിക്കുകയാണ് ഡോ. ശർമ്മയുടെ നിര്യാണത്തോടുകൂടി. ഭരണഘടനാദത്തമായ ചുമതലകൾ നിർഭയമായും നിഷ്പക്ഷമായും നിർവ്വഹിക്കുന്നതിൽ മുൻരാഷ്ട്രപതി ഡോ. ശർമ്മ പൂർണ്ണ വിജയമായിരുന്നു. ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങളെ അദ്ദേഹം ഉയർത്തിപ്പിടിച്ചു. നിഷ്പക്ഷനായ ഭരണാധികാരിയായിരിക്കെത്തന്നെ സ്വന്തം നിലപാടുകളിൽ ഉറച്ചു നൽക്കാൻ അദ്ദേഹം കരുത്തുകാട്ടി. രാഷ്ട്രീയവും പാണ്ഡിത്യവും ഒരുപോലെ സമ്മേളിച്ച പ്രതിഭാധനനായിരുന്നു ഡോ. ശങ്കർദയാൽ ശർമ്മ. ആദർശ രാഷ്ട്രീയത്തിന്റെ ആൾരൂപമായിരുന്നു ഡോ. ശങ്കർദയാൽ ശർമ്മ. രാഷ്ട്രീയ വിശുദ്ധി കാത്തുസൂക്ഷിക്കുന്നതിൽ എപ്പോഴും അദ്ദേഹം നിഷ്കർഷ പുലർത്തി. വിവാദങ്ങൾക്കതീതനായി നിന്ന ഈ സൗമ്യൻ രാഷ്ട്രീയ പകയ്ക്കും ഭരണ പാടവത്തിനും ആരുടേയും പിന്നി

LIBRARY ARCHIVES Kerala Legislative Assembly

ലായിരുന്നില്ല. ഡോ. ശർമ്മ തന്റെ കഴിവുകൾ തെളിയിക്കാത്ത രംഗങ്ങൾ കുറയും, വഹിക്കാത്ത പദവികളും കുറയും. സ്വാതന്ത്ര്യസമര സേനാനി, അദ്ധ്യാപകൻ, ഗവേഷകൻ, പണ്ഡിതൻ, പത്രപ്രവർത്തകൻ, നിയമജ്ഞൻ, മുഖ്യമന്ത്രി, കേന്ദ്രമന്ത്രി, ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ്, ഗവർണർ, ഉപരാഷ്ട്രപതി, രാഷ്ട്രപതി എന്നിങ്ങനെ നിരവധി സ്ഥാനങ്ങൾ അദ്ദേഹം അലങ്കരിച്ചു; അവയിലെല്ലാം തന്റെ കഴിവുകൾ തെളിയിക്കുകയും ചെയ്തു. പണ്ഡിറ്റ് ഖുശിലാൽ ശർമ്മയുടേയും സുഭദ്രാ ശർമ്മയുടേയും മകനായി 1918-ലാണ് ഡോ. ശർമ്മ ജനിച്ചത്. അലഹബാദ് സർവ്വകലാശാലയിൽനിന്ന് ഒന്നാം റാങ്കോടെ എം.എ. ബിരുദവും എൽ.എൽ.എം. ബിരുദവും നേടിയ ശർമ്മ കേംബ്രിഡ്ജ് സർവ്വകലാശാലയിൽനിന്ന് ഡോക്ടറേറ്റും ലണ്ടൻ സർവ്വകലാശാലയിൽനിന്നും പബ്ലിക് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമയും കരസ്ഥമാക്കി. ഇംഗ്ലീഷ്-ഹിന്ദി-സംസ്കൃതം ഭാഷയിൽ അദ്ദേഹം ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയിട്ടുണ്ട്. ലക്നൗ, കേംബ്രിഡ്ജ് സർവ്വകലാശാലകളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1948-ലാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം ആരംഭിക്കുന്നത്. അക്കൊല്ലം ഭോപ്പാലിനടുത്തുള്ള സിഹോർ നഗരത്തെ ഇന്ത്യൻ യൂണിയനിൽ ചേർക്കുന്നതിനുള്ള സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ടു. 1950-ൽ ഭോപ്പാൽ കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റായി അദ്ദേഹം സ്ഥാനമേറ്റു. 1952-ൽ ഭോപ്പാൽ നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ഭോപ്പാൽ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം അധികാരമേറ്റു. തുടർന്ന് അനവധി സ്ഥാനങ്ങൾ, കോൺഗ്രസ്സിലും സർക്കാരിലും അദ്ദേഹത്തെ തേടിയെത്തി. മദ്ധ്യപ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റ്, എ.ഐ.സി.സി. അംഗം, കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അംഗം, എ.ഐ.സി.സി. ജനറൽ സെക്രട്ടറി, പ്രസിഡന്റ്, ലോക്സഭാംഗം, വാർത്താവിനിമയ വകുപ്പുമന്ത്രി, ആന്ധ്രാ, പഞ്ചാബ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ ഗവർണർ, ഉപരാഷ്ട്രപതി എന്നിവ അദ്ദേഹം അലങ്കരിച്ച പദവികളിൽ ചിലതുമാത്രമാണ്. ഇന്ത്യയുടെ മതനിരപേക്ഷതയും ജനാധിപത്യവും വെല്ലുവിളികൾ നേരിടുന്ന കാലഘട്ടമാണിത്. രാഷ്ട്രീയ രംഗത്ത് അവശ്യം പുലർത്തേണ്ട സംശുദ്ധി കാത്തു സൂക്ഷിക്കേണ്ട കാലവുമാണിത്. ഇതുപോലൊരു നിർണ്ണായക ഘട്ടത്തിൽ ഡോ. ശങ്കർദയാൽ ശർമ്മ ഉയർത്തിപ്പിടിച്ച ആദർശങ്ങൾ രാഷ്ട്രീയത്തിന് വഴികാട്ടിയായിരിക്കും. ആദർശധീരനും പക്വമതിയുമായ രാഷ്ട്രതന്ത്രജ്ഞനും കർമ്മകുശലനായ രാഷ്ട്രീയ നേതാവും, മൂല്യങ്ങളെ മറ്റെന്തിനെക്കാളും ഉയർത്തിപ്പിടിച്ച ഉന്നതനായ മനുഷ്യസ്നേഹിയുമായിരുന്നു ഡോ. ശങ്കർദയാൽ ശർമ്മ. അദ്ദേഹത്തിന്റെ നിര്യാണം അപരിഹാര്യമായ നഷ്ടമാണ് രാഷ്ട്രത്തിന് ഉണ്ടാക്കിയിരിക്കുന്നത്. പരേതനോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

മുൻനിയമസഭാംഗങ്ങളായിരുന്ന എ.പി. ഉദയഭാനു, എം.ജെ. സക്കറിയ സേട്ട്, പി.ടി. കുഞ്ഞുട്ടി ഹാജി എന്നിവർ അടുത്തിടെ നിര്യാതരായി.

LIBRARY ARCHIVES Kerala Legislative Assembly

എ.പി. ഉദയഭാനു

പ്രമുഖ ഗാന്ധിയനും സ്വാതന്ത്ര്യസമര സേനാനിയും മുൻനിയമസഭാംഗവുമായ എ.പി. ഉദയഭാനുവിന്റെ നിര്യാണത്തോടെ ഏഴ് പതിറ്റാണ്ടുകാലം കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിൽ പ്രകാശം പരത്തിയ ഒരു ധന്യജീവിതം അസ്തമിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ കാലത്തുതന്നെ ഗാന്ധിയൻ ആദർശങ്ങളിലും ദേശീയ പ്രസ്ഥാനത്തിലും ആകൃഷ്ടനായ ഉദയഭാനു, പതിനെട്ടാം വയസ്സിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗമായി. 1933-35 കാലയളവിൽ വിദ്യാർത്ഥി കോൺഫറൻസ് ഭാരവാഹിയായി പ്രവർത്തിക്കുകയും അനുപമമായ നേതൃത്വപാടവം പ്രദർശിപ്പിക്കുകയും ചെയ്തു. നിയമബിരുദം കരസ്ഥമാക്കിയശേഷം അഭിഭാഷകവൃത്തിയിലേർപ്പെട്ടെങ്കിലും സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് അദ്ദേഹം കൂടുതൽ സമയവും ചെലവഴിച്ചത്. നിരോധനം ലംഘിച്ചുകൊണ്ട് കാർത്തികപ്പള്ളിയിൽ കോൺഗ്രസ്സ് സമ്മേളനം നടത്തുകയും അറസ്റ്റു വരിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ ഉദയഭാനുവും ഉണ്ടായിരുന്നു. 1944-ൽ ശ്രീമൂലം അസംബ്ലിയിലും 1948-49 കാലയളവിൽ തിരുവിതാംകൂർ ജനപ്രതിനിധിസഭയിലും 1949-52 കാലയളവിൽ തിരുവിതാംകൂർ-കൊച്ചി നിയമസഭയിലും അദ്ദേഹം അംഗമായിരുന്നു. 1957-ൽ തിരു-കൊച്ചി സംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഉദയഭാനു കോൺഗ്രസ്സ് നിയമസഭാ കക്ഷി സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗം, മാതൃഭൂമിയുടെ പത്രാധിപർ, മദ്യനിരോധന സമിതി അദ്ധ്യക്ഷൻ, ജയിൽ പരിഷ്കരണ കമ്മിറ്റി ചെയർമാൻ തുടങ്ങിയ വൈവിദ്ധ്യമാർന്ന പദവികൾ വഹിച്ചിട്ടുള്ള ഉദയഭാനു മലയാള ഗദ്യസാഹിത്യത്തിന് മികച്ച സംഭാവനകൾ നൽകിയ മൗലിക പ്രതിഭയുമായിരുന്നു. അദ്ദേഹത്തിന്റെ ഉപന്യാസ സമാഹാരങ്ങൾക്ക് സാഹിത്യ അക്കാദമിയുടേതടക്കം നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. തനിക്ക് ശരിയാണെന്ന് ഉത്തമബോദ്ധ്യമുള്ള കാര്യങ്ങൾ ശക്തമായ ഭാഷയിൽ ഉന്നയിക്കാൻ എന്നും അദ്ദേഹം ധൈര്യം കാണിച്ചു. ലാളിത്യവും ആർജ്ജവവും ഒത്തിണങ്ങിയ അനുകരണീയമായ ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അധികാര രാഷ്ട്രീയത്തിന്റെ പ്രലോഭനങ്ങൾക്ക് അദ്ദേഹം ഒരിക്കൽപോലും വശംവദനായിട്ടില്ല. താൻ ധരിക്കുന്ന ഖാദിവസ്ത്രത്തിന്റെ ശുഭ്രത വ്യക്തിജീവിതത്തിലും, പൊതുജീവിതത്തിലും കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. നമ്മുടെ സമൂഹത്തിൽനിന്ന് അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ചില ഉന്നതങ്ങളായ മൂല്യങ്ങൾക്കുവേണ്ടി സമർപ്പിതമായിരുന്നു ആ ജീവിതം. തികഞ്ഞ ഗാന്ധിയൻ, സ്വാതന്ത്ര്യ സമരഭടൻ, സംഘാടകൻ, എഴുത്തുകാരൻ, പത്രപ്രവർത്തകൻ, സാമൂഹ്യപരിഷ്കർത്താവ് എന്നീ നിലകളിൽ പ്രവർത്തിച്ച്, വിജയം കൈവരിച്ച ഒരു ബഹുമുഖപ്രതിഭയെയാണ് എ.പി. ഉദയഭാനുവിന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

എം.ജെ. സക്കറിയ സേട്ട്

കേരള നിയമസഭാ മുൻ ഡെപ്യൂട്ടി സ്പീക്കറും ഇന്ത്യൻ നാഷണൽ ലീഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റുമായിരുന്ന എം.ജെ. സക്കറിയാ സേട്ട്, മട്ടാഞ്ചേരിയുടെ സാമൂഹ്യ-രാഷ്ട്രീയ ജീവിതത്തിലും കേരളത്തിന്റെ രാഷ്ട്രീയരംഗത്തും നിറഞ്ഞുനിന്ന സാന്നിദ്ധ്യമായിരുന്നു. 1980, 1987, 1991 വർഷങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ സക്കറിയ സേട്ട് കേരള നിയമസഭയിൽ മട്ടാഞ്ചേരിയെ പ്രതിനിധികരിച്ചു. 1980-82 കാലങ്ങളിൽ ഡെപ്യൂട്ടി സ്പീക്കറായും മുസ്ലീം ലീഗ് നിയമസഭാ കക്ഷി സെക്രട്ടറിയായും പ്രശംസനീയമായ പ്രവർത്തനമാണ് അദ്ദേഹം നിർവ്വ ഹിച്ചിട്ടുള്ളത്. ഒമ്പതാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാൻ സ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്. വളരെ വിപുലമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലം. എഴുത്തുകാരൻ, പ്രാസംഗികൻ, പത്ര പ്രവർത്തകൻ എന്നീ നിലകളിൽ അദ്ദേഹം ശോഭിച്ചു. കൊച്ചി കോർപ്പറേ ഷന്റെ വികസനത്തിൽ ഗണ്യമായ സംഭാവനകൾ അദ്ദേഹം നൽകി. ദീർഘ കാലം കൗൺസിലറായും ഹെൽത്ത് കമ്മിറ്റി ചെയർമാനായും ഡെപ്യൂട്ടി മേയ റായും അദ്ദേഹം പ്രവർത്തിച്ചു. നല്ലൊരു സംഘാടകനും ട്രേഡ് യൂണിയൻ പ്രവർത്തകനുമായിരുന്ന സക്കറിയാ സേട്ട്, സ്വതന്ത്ര തൊഴിലാളി യൂണിയൻ വൈസ് പ്രസിഡന്റ് എന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രീയ രംഗത്തെ നാലര പതിറ്റാണ്ട് നീണ്ട പ്രവർത്തനത്തിനിടയിൽ അനവധി ഔദ്യോഗിക പദ വികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് ഠൗൺ കമ്മിറ്റി സെക്രട്ടറി, ജില്ലാ വൈസ് പ്രസിഡന്റ് എന്നീ പദവികൾ അദ്ദേഹം വഹിച്ചു. അഖിലേന്ത്യാ മുസ്ലീം ലീഗിന്റെ രൂപീകരണത്തെ തുടർന്ന് ആ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായും സംസ്ഥാന വൈസ് പ്രസി ഡന്റായും അദ്ദേഹം പ്രവർത്തിച്ചു. ഇൻഡ്യൻ നാഷണൽ ലീഗ് മുഖപത്രമായ ''ഐക്യം'' വാരികയുടെ പത്രാധിപരായും സക്കറിയാ സേട്ട് സേവനമനുഷ്ഠി ച്ചിട്ടുണ്ട്. നിര്യാതനാകുമ്പോൾ അദ്ദേഹം ഇൻഡ്യൻ നാഷണൽ ലീഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റായിരുന്നു. കഴിവുറ്റ സംഘാടകനും രാഷ്ട്രീയ നേതാവുമായിരുന്നു സക്കറിയാ സേട്ട്. ന്യൂനപക്ഷ സമുദായങ്ങ ളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി എന്നും പ്രവർത്തിക്കുകയും പുരോഗമനാശയ ങ്ങളോട് ആഭിമുഖ്യം പുലർത്തുകയും ചെയ്ത ഒരു നേതാവിനെയാണ് സക്ക റിയാ സേട്ടിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

പി.ടി. കുഞ്ഞുട്ടി ഹാജി

അറിയപ്പെടുന്ന രാഷ്ട്രീയ പ്രവർത്തകനും മികച്ച സഹകാരിയുമായി രുന്നു കുഞ്ഞുട്ടി ഹാജി. 1977-ലും 1980-ലും അദ്ദേഹം തിരൂർ നിയോജകമണ്ഡ ലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തി. നിയമസഭാ സമാജികനെന്ന നിലയിൽ മികവുറ്റ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചത്. 1938-ൽ തുടങ്ങി അരനൂറ്റാണ്ടുകാലം നീണ്ട രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തന പാരമ്പര്യത്തിനു ടമയായിരുന്നു കുഞ്ഞുട്ടി ഹാജി. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് താനൂർ മണ്ഡലം കമ്മിറ്റി സെക്രട്ടറി, സംസ്ഥാന പ്രവർത്തക സമിതിഅംഗം എന്നീ സ്ഥാനങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. വളവന്നൂർ ബാഫക്കിയത്തീം ഖാന സെക്രട്ടറി, തലക്കടത്തൂർ മർക്കസ് ജനറൽ സെക്രട്ടറി എന്നീ പദവി കളും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. 1955-ൽ ചെറിയമുണ്ടം പഞ്ചായത്ത് പ്രസി ഡന്റ് സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഹാജി, ഏതാണ്ട് മൂന്നു ദശാബ്ദ ക്കാലം ആ പദവിയിൽ തുടർന്നു. തൃക്കണ്ടിയൂർ പി.സി.സി. മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡന്റായി ദീർഘകാലം അദ്ദേഹം പ്രവർത്തിച്ചു. താനൂർ ബ്ലോക്ക് വികസന സമിതി ചെയർമാൻ പദവിയും അദ്ദേഹം വഹിച്ചിട്ടുണ്ട്. കാർഷിക-വാണിജ്യരംഗത്ത് ശ്രദ്ധേയമായ സംഭാവനകളർപ്പിച്ച വ്യക്തിയായി രുന്നു അദ്ദേഹം. തെക്കേ മലബാറിൽ മുസ്ലീംലീഗിന് ശക്തമായ അടിത്തറ പാകുന്നതിന് ഗണ്യമായ സംഭാവന അദ്ദേഹം നൽകി. കുഞ്ഞുട്ടി ഹാജിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നിര്യാണം നമ്മുടെ പൊതുജീവിതത്തിൽ വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

പരേതരോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

IV. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. പി.കെ.കെ. ബാവ</u> : സർ, സംസ്ഥാനത്ത് പുതിയതായി സ്കൂളുകൾ അനുവദിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ. ഭരണഘടന അനുശാസിക്കുന്നത് സൗജന്യവും നിർബന്ധിതവുമായ പ്രൈമറി വിദ്യാഭ്യാസമാണ്. ഈ രംഗത്ത് സംസ്ഥാനം വളരെ മുന്നോട്ടു പോയിയെങ്കിലും ഗ്രാമീണ വിദ്യാഭ്യാസമേഖലയിൽ നാം ഇന്നും വളരെ പിന്നിലാണ്. വിശേഷിച്ചും പിന്നോക്ക-ദുർബല ജനവിഭാഗങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിൽ ഒരു പഞ്ചായത്തിൽ ഒരു സ്കൂൾ എന്നതാണ് സർക്കാർ നയം. എന്നാൽ എല്ലാ പഞ്ചായത്തിലും ഹൈസ്കൂളുകൾ ഇല്ല. ഉദാഹരണത്തിന് എന്റെ മണ്ഡലത്തിലെ ചെറുകാവ് പഞ്ചായത്ത് തന്നെ എടുക്കാം. സമീപത്തുള്ള പുളിക്കൽ പഞ്ചായത്തിലെ ഹൈസ്കൂൾ കെട്ടിടത്തിന്റെ ഓഫീസ് ചെറുകാവ് പഞ്ചായത്തിലായതുകൊണ്ടാണ് ചെറുകാവ് പഞ്ചായത്തിന് ഹൈസ്കൂൾ ലഭിക്കാതിരിക്കാൻ കാരണമായത്. തെങ്ങിനും കമുകിനും ഒരേ തളപ്പ് പോര. ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്നത് ശാസ്ത്രീയ സമീപനമല്ല. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും വിസ്തൃതിയും ജനസംഖ്യയുമെല്ലാം പരിഗണിക്കേണ്ടതാണ്. ഓരോ പഞ്ചായത്തിനെക്കുറിച്ചും പ്രത്യേകം പഠിച്ച് ആവശ്യമായ സ്കൂളുകൾ അനുവദിക്കണം. കിലോമീറ്ററുകൾ താണ്ടിവേണം പല സ്ഥലത്തും എൽ.പി. സ്കൂളുകളിലെത്താൻ, അതുപോലെ യു.പി. സ്കൂളുകളിലും അഞ്ചാറ് കിലോമീറ്റർ നടന്നുവേണമെത്താൻ. കോഴിക്കോട് ജില്ലയിൽ മേളം പഞ്ചായത്തിൽ ചെറുകുന്ന് ഗവൺമെന്റ് യു.പി. സ്കൂളിൽ ഇടിമിന്നലേറ്റ് ഒരു അദ്ധ്യാപികയും നാല് വിദ്യാർത്ഥികളും മരണപ്പെട്ട വാർത്ത ബഹുമാനപ്പെട്ട മന്ത്രി ഓർക്കുന്നുണ്ടാകും. ആ പ്രദേശത്ത് ഏതാണ്ട് 8 കിലോമീറ്റർ വേറെ യു.പി. സ്കൂളുകൾ ഒന്നും ഇല്ലാത്തതുകൊണ്ട് കിലോമീറ്ററുകൾ നടന്നാണ് ഈ യു.പി. സ്കൂളിൽ വിദ്യാർത്ഥികൾ എത്തുന്നത്. ആ പ്രദേശത്തെ ജനങ്ങൾ അവിടെ ഒരു യു.പി. സ്കൂൾ പുതിയതായി അനുവദിക്കണമെന്ന ആവശ്യവുമായി രംഗത്ത് വന്നിട്ടുണ്ട്. പിന്നോക്ക പ്രദേശങ്ങൾക്കും പിന്നോക്ക മേഖലയ്ക്കും പ്രത്യേക പരിഗണന നൽകണം. എന്നാൽ ഗവൺമെന്റ് പിന്നോക്ക വിഭാഗങ്ങളെ നുള്ളിനോവിക്കുകയാണ്. ഇപ്പോൾത്തന്നെ പ്ലസ് ടൂ അനുവദിച്ചതിൽ അർഹമായ പരിഗണന നൽകിയില്ല. പ്ലസ് ടൂ 16 സ്കൂളുകൾക്ക് നൽകുമെന്ന് പറഞ്ഞു, അതും

LIBRARY ARCHIVES Kerala Legislative Assembly